**PROVISIONAL ANSWER KEY**

| | |
|---|---|
| Question Paper Code: | 70/2026/OL |
| Category Code: | 331/2025, 761/2025 |
| Exam: | High School Teacher (Malayalam) |
| Date of Test | 23-04-2026 |
| Department | Education /General Education |

Question1:-ചേരുംപടി ചേർക്കുക
പട്ടിക A (നിയമങ്ങൾ)
1. വിവരാവകാശ നിയമം
2. ICDS പദ്ധതി
3. POCSO നിയമം
4. ബാലവിവാഹ നിരോധന നിയമം
പട്ടിക B (വർഷം)
a. 2012
b. 2006
c. 2005
d. 1975

A:-1-c, 2-d, 3-a, 4-b

B:-1-d, 2-c, 3-a, 4-b

C:-1-c, 2-a, 3-d, 4-b

D:-1-b, 2-d, 3-a, 4-c

Correct Answer:- Option-A

Question2:-താഴെപ്പറയുന്ന ഭരണഘടനാ ഭേദഗതികളെ ശരിയായ കാലക്രമത്തിൽ ക്രമീകരിക്കുക.
1. സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കി
2. വോട്ടവകാശത്തിനുള്ള പ്രായം 18 ആയി കുറയ്ക്കൽ
3. ആമുഖത്തിൽ "സോഷ്യലിസ്റ്റ് " "മതേതരം" ചേർക്കൽ

A:-3-1-2

B:-1-3-2

C:-3-2-1

D:-2-1-3

Correct Answer:- Option-A

Question3:-താഴെപ്പറയുന്ന സംഭവങ്ങളെ ശരിയായ കാലക്രമത്തിൽ ക്രമീകരിക്കുക.
1. അരുവിപ്പുറം പ്രതിഷ്ഠ
2. വൈക്കം സത്യാഗ്രഹം
3. ക്ഷേത്രപ്രവേശന പ്രഖ്യാപനം
4. ഗുരുവായൂർ സത്യാഗ്രഹം

A:-1-2-4-3

B:-2-1-4-3

C:-1-4-2-3

D:-2-4-1-3

Correct Answer:- Option-A

Question4:-വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട നേതാക്കളിൽ ഉൾപ്പെടാത്തത് ആരാണ്?

A:-ടി.കെ. മാധവൻ

B:-കെ. കേളപ്പൻ

C:-കെ.പി. കേശവമേനോൻ

D:-വാഗ്ഭടാനന്ദൻ

Correct Answer:- Option-D

Question5:-കേരളത്തിലെ ആദ്യകാല മലയാളം അച്ചടി പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിച്ച മിഷനറി ആര്?

A:-ബെഞ്ചമിൻ ബെയ്ലി

B:-ഹെർമൻ ഗുണ്ടർട്ട്

C:-വില്ല്യം ലോഗൻ

D:-ചാൾസ് മീഡ്

Correct Answer:- Option-A

Question6:-താഴെപ്പറയുന്നവയിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങളുമായി ബന്ധപ്പെട്ട പത്രം ഏത്?

A:-പ്രഭാതം

B:-മാതൃഭൂമി

C:-നസ്രാണി ദീപിക

D:-ഭാഷാപോഷിണി

Correct Answer:- Option-A

Question7:-കുത്തംകുളം സമരം പ്രധാനമായും എന്തിനായാണ് നടന്നത്?

A:-ഭൂമിയുടമസ്ഥാവകാശം

B:-പൊതുകുളം ഉപയോഗിക്കാനുള്ള അവകാശം

C:-ക്ഷേത്രപ്രവേശനം

D:-വിദ്യാഭ്യാസാവകാശം

Correct Answer:- Option-B

Question8:-കേരളത്തിലെ മുസ്ലിം നവോത്ഥാനവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.
1. വക്കം മൗലവി മുസ്ലിം നവോത്ഥാനത്തിൻറെ പ്രധാന നേതാവായിരുന്നു.
2. ഇസ്ലാം ധർമ്മപരിപാലന സംഘം മുസ്ലിം സമൂഹത്തിലെ സാമൂഹിക പരിഷ്കാരങ്ങൾ ലക്ഷ്യമിട്ടിരുന്നു.
3. അൽ അമീൻ പത്രം മുസ്ലിം സമൂഹത്തിൽ ദേശീയബോധം വളർത്താൻ സഹായിച്ചു.
ശരിയായ ഉത്തരമെന്ത്?

A:-1, 2 ശരിയാണ്

B:-2, 3 ശരിയാണ്

C:-1, 3 ശരിയാണ്

D:-1, 2, 3 എല്ലാം ശരിയാണ്

Correct Answer:- Option-D

Question9:-താഴെപ്പറയുന്ന സംഭവങ്ങളെ കാലക്രമത്തിൽ ക്രമീകരിക്കുക.
1. ഈഴവ മെമ്മോറിയൽ
2. മലയാളി മെമ്മോറിയൽ
3. സിവിൽ നിയമലംഘന പ്രസ്ഥാനം
4. നിവർത്തന പ്രക്ഷോഭം

A:-2→1→3→4

B:-1→2→4→3

C:-2→3→1→4

D:-3→2→1→4

Correct Answer:- Option-A

Question10:-'തിരുവിതാംകൂർ ചേരമർ മഹാസഭ' സ്ഥാപിച്ചത് ആര്?

A:-അയ്യങ്കാളി

B:-പൊയ്കയിൽ അപ്പച്ചൻ

C:-പാമ്പാടി ജോൺ ജോസഫ്

D:-സഹോദരൻ അയ്യപ്പൻ

Correct Answer:- Option-C

Question11:-ശാകുന്തളം മലയാളത്തിൽ പരിഭാഷപ്പെടുത്തിയത് ആരാണ്?

A:-വള്ളത്തോൾ നാരായണ മേനോൻ

B:-ജി. ശങ്കര കുറുപ്പ്

C:-കേരളവർമ വലിയ കോയിതമ്പുരാൻ

D:-ചങ്ങമ്പുഴ കൃഷ്ണപിള്ള

Correct Answer:- Option-C

Question12:-കൊച്ചിയിൽ ജാതി വിവേചനത്തിനെതിരെ പൊരുതാൻ 'കായൽ സമ്മേളനം' സംഘടിപ്പിച്ചത് ആര്?

A:-സഹോദരൻ അയ്യപ്പൻ

B:-ടി.കെ. മാധവൻ

C:-കെ.പി. കേശവമേനോൻ

D:-പണ്ഡിറ്റ് കറുപ്പൻ

Correct Answer:- Option-D

Question13:-താഴെ പറയുന്നവയിൽ വള്ളത്തോൾ നാരായണ മേനോൻ രചിച്ച പ്രശസ്തമായ ഖണ്ഡകാവ്യം ഏതാണ്?

A:-കരുണ

B:-മഗ്ദലനമറിയം

C:-ഉമാകേരളം

D:-നളിനി

Correct Answer:- Option-B

Question14:-1924-ൽ ആലുവയിൽ ചരിത്രപ്രസിദ്ധമായ 'സർവ്വമത സമ്മേളനം' വിളിച്ചുചേർത്തത് ആര്?

A:-ചട്ടമ്പി സ്വാമികൾ

B:-ടി.കെ. മാധവൻ

C:-ശ്രീനാരായണ ഗുരു

D:-സഹോദരൻ അയ്യപ്പൻ

Correct Answer:- Option-C

Question15:-കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ സംബന്ധിച്ച താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെ?
i. കേരള ഗ്രന്ഥശാലാ പ്രസ്ഥാനത്തിൻറെ പിതാവ് എന്നറിയപ്പെടുന്നത് പി.എൻ. പണിക്കർ ആണ്.
ii. 1945-ൽ അമ്പലപ്പുഴയിൽ വെച്ചാണ് അഖില തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘം രൂപീകരിച്ചത്.
iii. ഗ്രന്ഥശാലാ സംഘത്തിൻറെ മുദ്രാവാക്യം 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്നതായിരുന്നു.

A:-i, ii എന്നിവ മാത്രം ശരി

B:-ii, iii എന്നിവ മാത്രം ശരി

C:-i, iii എന്നിവ മാത്രം ശരി

D:-i, ii, iii എന്നിവയെല്ലാം ശരി

Correct Answer:- Option-A

Question16:-പഠിതാവിൻറെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്ന ബോധന മാതൃകയിൽ ഉൾപ്പെടുന്നതേത്?

A:-സിനെറ്റിക്സ്

B:-ആശയസമ്പാദനം

C:-കണ്ടെത്തൽ പഠനം

D:-സ്മരണവിദ്യ

Correct Answer:- Option-A

Question17:-ശൈശവ ഘട്ടത്തിൽ കുട്ടികൾ ഭാഷണ ശബ്ദങ്ങൾ തുടർച്ചയില്ലാതെ ആവർത്തിച്ചാവർത്തിച്ച് പൂർത്തീകരിക്കുന്ന ഭാഷണ വൈകല്യത്തിൻറെ പേരെന്ത്?

A:-ശ്രുതി

B:-വിക്ക്

C:-വികൃതമാക്കൽ

D:-ഒഴിവാക്കൽ

Correct Answer:- Option-B

Question18:-സാമൂഹീക അംഗീകാരം, അധികാരത്തോടുള്ള ആഗ്രഹം, നേടാനുള്ള ആഗ്രഹം എന്നിവ ഉൾക്കൊള്ളുന്ന അഭിപ്രേരണ സമീപനം ഏത് വിഭാഗത്തിൽ പെടുന്നു?

A:-കൊഗനിറ്റീവ് സമീപനം

B:-ബിഹേവിയറിസ്റ്റ് സമീപനം

C:-പ്രേരക സിദ്ധാന്തം

D:-ഇവയൊന്നുമല്ല

Correct Answer:- Option-D

Question19:-പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെ പഠിതാവിൻറെ വൈകാരികം, വൈജ്ഞാനികം, സാമൂഹികം, ശാരീരികം, മാനസികം തുടങ്ങിയ മേഖലകളിലായി പഠന പുരോഗതി ക്രമമായി രേഖപ്പെടുത്തുന്ന വിലയിരുത്തൽ രീതിയുടെ പേര്?

A:-പോർട്ട് പോളിയോ

B:-സമഗ്ര പുരോഗതി രേഖ

C:-ആത്യന്തിക മൂല്യ നിർണ്ണയം

D:-നിരന്തര മൂല്യ നിർണ്ണയം

Correct Answer:- Option-B

Question20:-ഒന്നും ആൺകുട്ടികളുടെ കുത്തകയല്ല. അങ്ങനെ ചിന്തിക്കുന്നത് നല്ല ആൺകുട്ടികളുടെ ലക്ഷണവുമല്ല - ഈ വരികളിലൂടെ പങ്കുവക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടിലെ ഫോക്കസ് മേഖല ഏത്?

A:-സാമൂഹികനീതി

B:-ലിംഗതുല്യത

C:-ലിംഗനീതി

D:-ലിംഗാവബോധം

Correct Answer:- Option-C

Question21:-ആനയച്ച് എന്ന നാണയത്തെക്കുറിച്ച് പരാമർശമുള്ള പ്രാചീന ചമ്പുവേത്?

A:-അമോഘ രാഘവം

B:-ഉണ്ണിച്ചിരുതേവി ചരിതം

C:-ഉണ്ണിയച്ചി ചരിതം

D:-ഉണ്ണിയാടി ചരിതം

Correct Answer:- Option-C

Question22:-താഴെ കൊടുത്തിരിക്കുന്നവയിൽ കിളിപ്പാട്ടുവൃത്തങ്ങൾ മാത്രമുൾപ്പെടുന്ന ഗണം ഏതാണ്?

A:-സർപ്പിണി, അന്നനട, ഇന്ദ്രവജ്ര

B:-തരംഗിണി, ഊനതരംഗിണി, സർപ്പിണി

C:-നതോന്നത, മിശ്രകാകളി, ഉപജാതി

D:-കാകളി, കേക, മണികാഞ്ചി

Correct Answer:- Option-D

Question23:-"ഈ വക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള 'നെടുങ്കുതിര' കെട്ടിയെടുപ്പാണ് ഓർമ്മയിൽ വരുന്നത്" - ഏത് തരം കാവ്യത്തെക്കുറിച്ചാണ് ഈ അഭിപ്രായം? ആരാണ് ഇത് പറഞ്ഞത്?

A:-ഖണ്ഡകാവ്യം - ഉള്ളൂർ

B:-മഹാകാവ്യം - കുമാരനാശാൻ

C:-അച്ചീചരിതങ്ങൾ - ഇളങ്കുളം കുഞ്ഞൻപിള്ള

D:-സന്ദേശകാവ്യങ്ങൾ - വള്ളത്തോൾ

Correct Answer:- Option-B

Question24:-സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള വർണ്ണനാപ്രധാനങ്ങളായ കഥാഖ്യാനങ്ങൾ, കാവ്യരൂപത്തിലുള്ള യാത്രാവിവരങ്ങൾ, കവിതകത്തുകൾ എന്നിവ ഏതു കാവ്യപ്രസ്ഥാനത്തിൻറെ സംഭാവനകളാണ്?

A:-കിളിപ്പാട്ട് പ്രസ്ഥാനത്തിൻറെ

B:-ഗാഥാപ്രസ്ഥാനത്തിൻറെ

C:-വെണ്മണി പ്രസ്ഥാനത്തിൻറെ

D:-വിലാപകാവ്യ പ്രസ്ഥാനത്തിൻറെ

Correct Answer:- Option-C

Question25:-താഴെ തന്നിട്ടുകള്ള കവിതകളെയും കവികളെയും ശരിയായ ക്രമത്തിൽ ചേർത്തെഴുതിയിട്ടുള്ളത് ഏതാണ്?

| | |
|---|---|
| a. പാതാളത്തിൻറെ മുഴക്കം | (i) ഒ.എൻ.വി. കുറുപ്പ് |
| b. ഉജ്ജയിനി | (ii) എം. ഗോവിന്ദൻ |
| c. ചാട്ടവാർ | (iii) എൻ.എൻ. കക്കാട് |
| d. ഒരു പൊന്നാനിക്കാരൻറെ മനോരാജ്യം | (iv) എൻ.വി. കൃഷ്ണവാര്യർ |

A:-a-iii, b-i, c-iv, d-ii

B:-a-ii, b-iv, c-i, d-iii

C:-a-iv, b-i, c-ii, d-iii

D:-a-iii, b-iv, c-i, d-ii

Correct Answer:- Option-A

Question26:-'കളിയച്ഛൻ' എന്ന കവിത പി.കുഞ്ഞിരാമൻ നായരുടെ കാവ്യലോകത്ത് ഏകശൃംഗമായി നിലകൊള്ളുന്നതിൻറെ ശരിയായ കാരണം താഴെ പറയുന്നവയിൽ ഏതാണ്?

A:-ഗുരുശിഷ്യബന്ധം അവതരിപ്പിക്കുന്നതിനാൽ

B:-വിവേകത്തിൻറെ സംയമമില്ലാതെ സഹജബോധത്തെ പിന്തുടരുന്നതിൻറെ ആവിഷ്കാരമായതിനാൽ

C:-പ്രതീകാത്മകമായി ഈശ്വര മനുഷ്യബന്ധം അവതരിപ്പിക്കുന്നതിനാൽ

D:-അലങ്കാരങ്ങളുടെ ഗംഗാ പ്രവാഹമുള്ളതിനാൽ

Correct Answer:- Option-B

Question27:-'ധീരസാഹസികതയുടെ അവതാരങ്ങളായ ആ വീരപുരുഷന്മാർക്കു നാട്ടുകാർ അവരുടെ നാവിൽത്തന്നെ കാവ് പണിതു എന്നു പറയാം' - ഏത് പാട്ടുപാരമ്പര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്?

A:-രാമകഥാപ്പാട്ട്

B:-തുള്ളൽപ്പാട്ട്

C:-തെക്കൻപാട്ട്

D:-വടക്കൻപാട്ട്

Correct Answer:- Option-D

Question28:-താഴെ തന്നിരിക്കുന്നവയിൽ വിപ്ലവത്തിനുനേരേയുള്ള ബൂർഷ്വ - പെറ്റി ബൂർഷ്വ - പ്രൊലിറ്റേറിയൻ സമീപനങ്ങളുടെ പ്രതിനിധികളായി കാണാവുന്ന മൂന്ന് കൃതികൾ ഉൾപ്പെടുന്ന ശരിയായ പട്ടിക ഏതാണ്?

A:-ഇരുപതാം നൂറ്റാണ്ടിൻറെ ഇതിഹാസം, കുടിയൊഴിക്കൽ, പണിമുടക്കം

B:-ബുദ്ധനും നരിയും ഞാനും, ആസ്സാം പണിക്കാർ, കുരുക്ഷേത്രം

C:-പന്തങ്ങൾ, കർമ്മഭൂമിയുടെ പിഞ്ചുകാൽ, അന്വേഷണം

D:-വാഴക്കുല, സൂര്യകാന്തി, മലതുരക്കൽ

Correct Answer:- Option-A

Question29:-വെട്ടിയിട്ടും പൊടിച്ചുവരുന്ന ആദികവിയുടെ നാവിൻറെ വൃക്ഷം കേന്ദ്രബിംബമായി വരുന്ന കവിതയേത്?

A:-വൃക്ഷം

B:-പച്ചവ്ട്

C:-നാവുമരം

D:-തുലാവർഷപ്പച്ച

Correct Answer:- Option-C

Question30:-താഴെ തന്നിട്ടുള്ളവയിൽ വിജയലക്ഷ്മിയുടേതല്ലാത്ത കവിത ഏതാണ്?

A:-മഴതൻ മറ്റേതോ മുഖം

B:-ഹിമസമാധി

C:-ഇരുൾച്ചിറകുകൾ

D:-അന്ത്യപ്രലോഭനം

Correct Answer:- Option-C

Question31:-മലയാളത്തിലെ ആദ്യത്തെ ആൻറിനോവൽ എന്ന് വിശേഷിപ്പിക്കപ്പെട്ട കൃതി ഏതാണ്?

A:-നാലുകെട്ട്

B:-പാത്തുമ്മയുടെ ആട്

C:-ഉഷ്ണമേഖല

D:-ഉമ്മാച്ചു

Correct Answer:- Option-B

Question32:-സാന്താൾ ഗോത്രജീവിതവും നിലനില്പിനുവേണ്ടിയുള്ള പോരാട്ടങ്ങളും പ്രമേയമാകുന്ന മലയാളനോവൽ ഏത്?

A:-ആനന്ദഭാരം

B:-ഘാതകൻ

C:-ബുധിനി

D:-ആത്രേയകം

Correct Answer:- Option-C

Question33:-തച്ചനക്കര എന്ന ഗ്രാമത്തിൻറെ പശ്ചാത്തലത്തിൽ ഒരുനൂറ്റാണ്ടുകാലത്തെ മലയാളിയുടെ സാമൂഹിക പരിണാമങ്ങളെ അവതരിപ്പിക്കുന്ന കൃതി?

A:-അന്ധകാരനഴി

B:-മനുഷ്യന് ഒരാമുഖം

C:-ഫ്രാൻസിസ് ഇട്ടിക്കോര

D:-മരണവംശം

Correct Answer:- Option-B

Question34:-എൻഡോസൾഫാൻ ദുരന്തബാധിതരുടെ ജീവിതം തുറന്നുകാണിക്കുന്ന മലയാളനോവൽ?

A:-വിഷമവൃത്തം

B:-ആതി

C:-എൻമകജെ

D:-അസുരവിത്ത്

Correct Answer:- Option-C

Question35:-തിരുവിതാംകൂറിൻറെ ഭരണരംഗം കേന്ദ്രപ്രമേയമാക്കി തകഴി ശിവശങ്കരപ്പിള്ള രചിച്ച നോവൽ ഏത്?

A:-ഏണിപ്പടികൾ

B:-രണ്ടിടങ്ങഴി

C:-കയർ

D:-ചെമ്മീൻ

Correct Answer:- Option-A

Question36:-'ഈ കഥാകർത്ത്രി നിശ്ചിതമായ അളവിലും തൂക്കത്തിലും ചിട്ടയിലും കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. അവർ കഥാകർത്ത്രിയുടെ ഇച്ഛയ്ക്കനുസരിച്ച് അനുസരണശീലമാർന്ന കുട്ടികളെപ്പോലെ നീങ്ങുന്നു' എന്ന എം. അച്യുതൻറെ നിരീക്ഷണം ആരെക്കുറിച്ചാണ്?

A:-ലളിതാംബിക അന്തർജ്ജനം

B:-രാജലക്ഷ്മി

C:-സാറാ ജോസഫ്

D:-കെ. സരസ്വതിയമ്മ

Correct Answer:- Option-D

Question37:-കലാസൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെ ആവിഷ്കരിക്കുന്ന കാരൂരിൻറെ കഥ ഏതാണ്?

A:-മോതിരം

B:-മരപ്പാവകൾ

C:-പൂവമ്പഴം

D:-കുട നന്നാക്കാനുണ്ടോ

Correct Answer:- Option-B

Question38:-'ആ കഥകളിൽ നർമ്മത്തിൻറെ ദ്രുതകാകളിയും ഭയങ്കരമായ പരിഹാസത്തിൻറെ ശാർദ്ദൂലവിക്രീഡിതങ്ങളും അവയുടെ സ്വാഭാവികമായ തളത്തിൽ നിറയുന്നുണ്ടായിരുന്നു' എന്ന് ആരുടെ കഥകളെക്കുറിച്ചാണ് കെ.പി. അപ്പൻ നിരീക്ഷിച്ചത്?

A:-സക്കറിയ

B:-ഒ.വി. വിജയൻ

C:-വി.കെ.എൻ.

D:-എം.പി. നാരായണപിള്ള

Correct Answer:- Option-C

Question39:-വാർത്താ ആഖ്യാനത്തിൻറെ രീതിയിൽ എം. മുകുന്ദൻ രചിച്ച കഥ ഏതാണ്?

A:-വളർത്തു മൃഗങ്ങൾ

B:-അരഞ്ഞാണം

C:-ഓട്ടോറിക്ഷക്കാരൻറെ ഭാര്യ

D:-ഫോട്ടോ

Correct Answer:- Option-D

Question40:-'ജാതീയമായ മുൻവിധികളും പക്ഷപാതിത്വങ്ങളും മനുഷ്യർ തമ്മിലുള്ള ഇടപെടലുകളെ സ്വാധീനിക്കുന്നതിൻറെ സൂക്ഷ്മാവതരണമാണ് ഈ കഥ.' ഏത് കഥ?

A:-കൃഷ്ണഗാഥ

B:-ഒരിടത്ത്

C:-പന്തിഭോജനം

D:-നെയ്പ്പായസം

Correct Answer:- Option-C

Question41:-എം.ടി. വാസുദേവൻ നായർ എന്ന കൃതിയുടെ രചയിതാവാര്?

A:-ഡോ. കെ. ശ്രീകുമാർ

B:-എ.വി. ശ്രീകുമാർ

C:-ദീദി ദാമോദരൻ

D:-പ്രമീളാ നായർ

Correct Answer:- Option-A

Question42:-നമ്പൂതിരിസമുദായത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതചിത്രം തെളിയുന്ന കൃതി

A:-എൻറെ നാട്ടുകടത്തൽ

B:-വ്യാഴവട്ടസ്മരണകൾ

C:-കാലപ്പകർച്ചകൾ

D:-കർമ്മഗതി

Correct Answer:- Option-C

Question43:-വർത്തമാനപ്പുസ്തകത്തിൻറെ രചനാകാലം

A:-17-ആം നൂറ്റാണ്ടിൻറെ ഉത്തരാർദ്ധം

B:-18-ആം നൂറ്റാണ്ടിൻറെ പൂർവാർദ്ധം

C:-18-ആം നൂറ്റാണ്ടിൻറെ ഉത്തരാർദ്ധം

D:-17-ആം നൂറ്റാണ്ടിൻറെ പൂർവാർദ്ധം

Correct Answer:- Option-C

Question44:-കേരളത്തിലെ കണ്ടലുകളുടെ വകഭേദങ്ങൾ ഇനം തിരിക്കുന്നത് ആരുടെ ആത്മകഥയിലാണ്?

A:-സി.കെ. ജാൻ

B:-കല്ലേൻ പൊക്കുടൻ

C:-മയിലമ്മ

D:-ലക്ഷ്മിക്കുട്ടിയമ്മ

Correct Answer:- Option-B

Question45:-'മനുഷ്യാലയചന്ദ്രിക' ഏത് വിഭാഗത്തിൽപ്പെട്ട കൃതിയാണ്?

A:-ജ്യോതിഷം

B:-ഗണിതശാസ്ത്രം

C:-തച്ചുശാസ്ത്രം

D:-നോവൽ

Correct Answer:- Option-C

Question46:-കാൻസർ അതിജീവനത്തെക്കുറിച്ചുള്ള ഫിലിപ്പോസ് മാർ ക്രിസോസ്റ്റത്തിൻറെ ഗ്രന്ഥം

A:-കാൻസർ വാർഡിലെ ചിരി

B:-കാൻസർ എന്ന അനുഗ്രഹം

C:-ഒരു അർബുദകഥ

D:-പ്രാണൻ വായുവിലലിയുമ്പോൾ

Correct Answer:- Option-B

Question47:-കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചുള്ള ഡോക്യുമെൻററി

A:-ജലപൈതൃകം

B:-ജലമുദ്ര

C:-ജലപാതകൾ

D:-ജലാശയചരിത്രം

Correct Answer:- Option-B

Question48:-ചരകസംഹിത, സുശ്രുത സംഹിത, അഷ്ടാംഗഹൃദയം എന്നീ കൃതികളുടെ സമ്പൂർണ്ണവ്യാഖ്യാനങ്ങൾ ആധുനിക വൈദ്യശാസ്ത്രത്തിൻറെ പദാവലികൾ ഉപയോഗിച്ച് എഴുതിയതാര്?

A:-ഡോ. വി.പി. ഗംഗാധരൻ

B:-വാഗ്ഭടൻ

C:-ഡോ. എം.എസ്. വല്യത്താൻ

D:-ഡോ. എം.വി. പിള്ള

Correct Answer:- Option-C

Question49:-മധ്യപ്രദേശിലെ ഗോണ്ടുകൾക്കിടയിൽ കഴിഞ്ഞ അൻപതുവർഷത്തിലേറെയായി പ്രവർത്തിക്കുന്ന മലയാളി സാമൂഹിക പ്രവർത്തകയുടെ പൂർവ്വനാമം

A:-റേച്ചൽ മാത്യു

B:-മേഴ്സി മാത്യു

C:-ദയാബായി

D:-മേഴ്സി തോമസ്

Correct Answer:- Option-B

Question50:-'വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം' എന്താണ്?

A:-ബഹിരാകാശം

B:-നക്ഷത്രപഥം

C:-പ്രകൃതി

D:-മനുഷ്യൻ

Correct Answer:- Option-C

Question51:-നിഷ്പക്ഷ നിരൂപണം എന്ന ലേഖനത്തിൻറെ കർത്താവാര്?

A:-സി.പി. അച്യുതമേനോൻ

B:-ജോസഫ് മുണ്ടശ്ശേരി

C:-കുട്ടികൃഷ്ണ മാരാർ

D:-എം.പി. പോൾ

Correct Answer:- Option-C

Question52:-കുമാരനാശാൻറെ 'നളിനി' എന്ന ഖണ്ഡകാവ്യത്തിന് അവതാരിക എഴുതിയതാര്?

A:-എ.ആർ രാജരാജവർമ്മ

B:- സി.വി. കുഞ്ഞുരാമൻ

C:-മൂർക്കോത്ത് കുമാരൻ

D:-വള്ളത്തോൾ

Correct Answer:- Option-A

Question53:-'സ്വർണ്ണ മത്സ്യങ്ങൾ' എന്ന നിരൂപണ പ്രബന്ധം രചിച്ചതാര്?

A:-ഡോ. എം. ലീലാവതി

B:-എം.എൻ. വിജയൻ

C:-സുനിൽ പി. ഇളയിടം

D:-എം.കെ. സാനു

Correct Answer:- Option-B

Question54:-'ശബ്ദാർത്ഥൗ സഹിതൗ കാവ്യം' എന്ന് കാവ്യത്തെ നിർവ്വചിച്ചതാര്?

A:-മമ്മടൻ

B:-ഭാമഹൻ

C:-ഭംസി

D:-കുന്തകൻ

Correct Answer:- Option-B

Question55:-'ബുദ്ധനും ശിവനും' എന്ന നിരൂപണലേഖനം രചിച്ചതാര്?

A:-ഡോ. എം. ലീലാവതി

B:-എം.എൻ. വിജയൻ

C:-സുകുമാർ അഴീക്കോട്

D:-കെ.പി. അപ്പൻ

Correct Answer:- Option-A

Question56:-രുദ്രടൻ തൻറെ 'കാവ്യാലങ്കാരം' എന്ന കൃതിയിൽ സ്നേഹം സ്ഥായീഭാവമായിട്ടുള്ള ഏത് രസത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?

A:-ശാന്തം

B:-കരുണം

C:-ശൃംഗാരം

D:-പ്രേയാൻ

Correct Answer:- Option-D

Question57:-'പോസ്റ്റ് മോഡേണിസം ഓർ ദ കൾച്ചറൽ ലോജിക് ഓഫ് ലേറ്റ് കാപ്പിറ്റലിസം' എന്ന കൃതിയുടെ കർത്താവാരാണ്?

A:-ഫ്രെഡറിക് ജെയിംസൺ

B:-ടെറി ഈഗിൾടൺ

C:-നോം ചോംസ്കി

D:-വേർഡ്സ് വർത്ത്

Correct Answer:- Option-A

Question58:-നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന് എം.കെ. സാനു വിശേഷിപ്പിക്കുന്ന കവിയാര്?

A:-ടാഗോർ

B:-ഇടപ്പള്ളി

C:-കുമാരനാശാൻ

D:-ചങ്ങമ്പുഴ

Correct Answer:- Option-D

Question59:-'കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്' എന്ന പി. ഗീതയുടെ പഠനം ആരുടെ കഥകളെക്കുറിച്ചാണ്?

A:-ഗ്രേസി

B:-സാറാജോസഫ്

C:-മാധവിക്കുട്ടി

D:-അഷിത

Correct Answer:- Option-B

Question60:-അകത്തിണൈ ഇയലിൽ ഐന്തിണകളെ കൂടാതെ പരാമർശിക്കുന്ന രണ്ടു തിണകൾ ഏതൊക്കെ?

A:-കൈക്കിളൈ & പെരുന്തിണൈ

B:-മുല്ലൈ & മരുതം

C:-കുറിഞ്ചി & പാലൈ

D:-നെയ്തൽ & കുറിഞ്ചി

Correct Answer:- Option-A

Question61:-'പറഞ്ഞു', 'വെട്ടി' എന്നീ പദങ്ങളിലെ ഭൂതകാല രൂപങ്ങളെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവന ഏത്?

A:-ഒരു രൂപിമത്തിൻറെ രണ്ട് ഉപരൂപിമങ്ങൾ ആണ്

B:-ഒരേ ഉപരൂപിമമാണ്

C:-രണ്ട് വ്യത്യസ്ത രൂപിമങ്ങൾ ആണ്

D:-വ്യത്യസ്ത രൂപിമങ്ങളുടെ ഉപരൂപിമങ്ങളാണ്

Correct Answer:- Option-A

Question62:-കേരളപാണിനിയുടെ ആറുനയങ്ങളുടെ ഉദാഹരണമല്ലാത്ത ശബ്ദപരിണാമം ഏതാണ്?

A:-വന്താൻ > വന്നു

B:-കഞ്ചി > കഞ്ഞി

C:-വിലൈ > വില

D:-പളം > പഴം

Correct Answer:- Option-D

Question63:-കടൽ എന്ന പദത്തിൽ എത്ര സ്വനിമങ്ങൾ ഉണ്ട്?

A:-3

B:-6

C:-5

D:-4

Correct Answer:- Option-C

Question64:-ദ്രാവിഡ ഭാഷാകുടുംബത്തിൽ അംഗമല്ലാത്ത ഭാഷ ഏതാണ്?

A:-ബ്രാഹുയി

B:-കൊങ്കിണി

C:-ഗോണ്ടി

D:-തുളു

Correct Answer:- Option-B

Question65:-'തമിഴിലെ 'തലൈ', മലയാളത്തിലെ 'തല', കന്നഡത്തിലെ 'തല എന്നീ പദങ്ങൾ പൂർവ്വ ദ്രാവിഡത്തിലെ ഒരു മൂലപദത്തിൽ നിന്നാണ് ഉണ്ടായിരിക്കുന്നത്. ഈ മൂലപദത്തിൻറെ രൂപം നിർണ്ണയിക്കുന്ന പ്രക്രിയയാണ്

A:-ആന്തര പുനർ നിർമ്മിതി

B:-സമാന പുനർ നിർമ്മിതി

C:-ബാഹ്യ പുനർ നിർമ്മിതി

D:-ഭാഷാ സമാനീകരണം

Correct Answer:- Option-C

Question66:-ഒരേ ഭാഷാകുടുംബത്തിൽപ്പെട്ട ഭാഷകൾ ഏവ?

A:-തമിഴ്, മലയാളം, സംസ്കൃതം, ഇംഗ്ലീഷ്

B:-ഹിന്ദി, ഗുജറാത്തി, ഇംഗ്ലീഷ്, തുളു

C:-ഹിന്ദി, ബംഗാളി, ഇംഗ്ലീഷ്, മറാഠി

D:-കന്നഡ, തെലുഗ്, മലയാളം, സംസ്കൃതം

Correct Answer:- Option-C

Question67:-വർണവിപര്യയം (metathesis) എന്ന ശബ്ദപരിണാമത്തിൻറെ ഉദാഹരണം ഏത്?

A:-ചന്ദ്രൻ >ചന്തിരൻ

B:-നാരീകേലം > നാളികേരം

C:-രണ്ട് > ഇരണ്ട്

D:-രാമചന്ദ്രൻ > രാമേന്ദ്രൻ

Correct Answer:- Option-B

Question68:-നിഗീർണ്ണ കർത്തൃക ക്രിയയ്ക്ക് ഉദാഹരണമല്ലാത്തത് ഏത്?

A:-കുട്ടികൾ ഭക്ഷണം കഴിക്കുന്നു

B:-അവന് ഒരു പുസ്തകം വേണം

C:-എനിക്ക് വിശക്കുന്നു

D:-കുട്ടികൾക്ക് മുഷിയുന്നു

Correct Answer:- Option-A

Question69:-'മരത്തിൽ നിന്ന് വീണു.' ഈ വാക്യത്തിൽ അടിവരയിട്ട ശബ്ദം ഏത് വിഭാഗത്തിൽപ്പെടുന്നു?

A:-നാമം

B:-തദ്ധിതം

C:-ദ്യോതകം

D:-ഭേദകം

Correct Answer:- Option-C

Question70:-ദ്വന്ദ്വസമാസത്തിന് ഉദാഹരണമായി വരുന്ന പദം ഏത്?

A:-മുക്കണ്ണൻ

B:-തലവേദന

C:-കടലാടി

D:-രാപകൽ

Correct Answer:- Option-D

Question71:-മലയാളത്തിൽ പ്രസിദ്ധീകൃതമായ ആദ്യത്തെ പത്രം

A:-മലയാള മനോരമ

B:-മാതൃഭൂമി

C:-സ്വദേശാഭിമാനി

D:-രാജ്യസമാചാരം

Correct Answer:- Option-D

Question72:-'തലതിരിഞ്ഞ പിരമിഡ്' ശൈലിയിൽ എഴുതിയ ഒരു വാർത്താ ലേഖനത്തിൽ

A:-ഏറ്റവും പുതിയ വാർത്ത ആദ്യം നൽകുന്നു

B:-ഏറ്റവും പഴയ വാർത്ത ആദ്യം നൽകുന്നു

C:-ഏറ്റവും പ്രധാനപ്പെട്ട വാർത്ത ആദ്യം നൽക്കുന്നു

D:-ഏറ്റവും പ്രാദേശികമായ വാർത്ത ആദ്യം നൽക്കുന്നു

Correct Answer:- Option-C

Question73:-മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയായ വിദ്യാവിലാസിനിയുടെ പത്രാധിപർ ആരായിരുന്നു?

A:-കേരളവർമ്മ വലിയകോയിത്തമ്പുരാൻ

B:-വിശാഖം തിരുനാൾ മഹാരാജാവ്

C:-വെളുത്തേരി കേശവ വൈദ്യൻ

D:-കെ. ചിദംബരം വാധ്യാർ

Correct Answer:- Option-B

Question74:-ഇന്ത്യയിൽ പത്രമാസികകളുടെ സർക്കുലേഷൻ കണക്കുകൾ സർട്ടിഫൈ ചെയ്യുന്ന സ്ഥാപനം

A:-ന്യൂസ് പേപ്പർ ഗിൽഡ്

B:-ആഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻസ്

C:-സർക്കുലേഷൻ സ്റ്റാൻഡേർസ് ഓഫീസ്

D:-രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പർസ്

Correct Answer:- Option-B

Question75:-അച്ചടി മാധ്യമങ്ങൾക്കും പ്രക്ഷേപണത്തിനും പകരം വാർത്തകൾ ഇൻറർനെറ്റ് വഴി വിതരണം ചെയ്യുണ രീതിയാണ്

A:-ഡയരക്ടർ ജർണലിസം

B:-ന്യൂ ജർണലിസം

C:-വിർച്ചൽ ജർണലിസം

D:-നെറ്റിസൺ ജർണലിസം

Correct Answer:- Option-D

Question76:-വ്യത്യസ്ത ഷോട്ടുകൾ തുടരെത്തുടരെ ചേർത്ത് സിനിമയിലെ ഒരു സീക്വൻസ് സൃഷ്ടിക്കുന്ന രീതിയാണ്

A:-ജമ്പ്കട്ട്

B:-ക്രോസ്കട്ട്

C:-മൊണ്ടാഷ്

D:-ലീനിയർ എഡിറ്റിംഗ്

Correct Answer:- Option-C

Question77:-'മാധ്യമത്തെ മനസിലാക്കുമ്പോൾ' (understanding media) എന്ന ഗ്രന്ഥം രചിച്ചത് ആര്?

A:-ഗൈദ ബോർ

B:-മാർഷൽ മക്ലൂഹൻ

C:-പോൾ വറീലിയോ

D:-വില്യം ഗിബ്സൺ

Correct Answer:- Option-B

Question78:-ഇൻറർനെറ്റിലെ അദൃശ്യസ്ഥലത്തെ സൂചിപ്പിക്കാനായി സൈബർസ്പേസ് എന്ന പദം ആദ്യമായി പ്രയോഗിച്ചത് ഏത് കൃതിയിലാണ്?

A:-ന്യൂറോ മാൻഡർ

B:-ദ ടൈം മെഷീൻ

C:-ഡി-99

D:-എസ് 99°C

Correct Answer:- Option-A

Question79:-വീഡിയോകൾ ഉൾപ്പെട്ട ബ്ലോഗുകൾക്ക് പറയുന്ന പേര് എന്താണ്?

A:-ലിങ്ക് ലോഗ്

B:-വ്ലോഗ്

C:-ഫോട്ടോ ബ്ലോഗ്

D:-ഫീഡ്സ്റ്റർ

Correct Answer:- Option-B

Question80:-വെബ് ലോഗ് എന്നപദം ആദ്യമായി ഉപയോഗിച്ചത്

A:-ജോൺ ബാർജർ

B:-പീറ്റർ മെർഫോൾസ്

C:-ചാൾസ് ബാബേജ്

D:-മാർക് സുക്കർബെർഗ്

Correct Answer:- Option-A

Question81:-കഥകളിയിലെ പ്രധാന പാട്ടുകാരനാണ്

A:-ശിങ്കിടി

B:-പാണിനി

C:-പൊന്നാനി

D:-മാടമ്പി

Correct Answer:- Option-C

Question82:-മലയളത്തിലെ ആദ്യത്തെ ശബ്ദചിത്രമായ ബാലൻറെ നിർമ്മാതാവ് ആരായിരുന്നു?

A:-ടി.ആർ. സുന്ദരം

B:-എസ്. നൊട്ടാണി

C:-ജെ.സി. ദാനിയേൽ

D:-ആലപ്പി വിൻസെൻറ്

Correct Answer:- Option-A

Question83:-സംസ്കൃത നാടക ഭാഗങ്ങളുടെ വിസ്തരിച്ചുള്ള കേരളീയ അഭിനയമാണ്

A:-കഥകളി

B:-അഷ്ടപദിയാട്ടം

C:-കൃഷ്ണനാട്ടം

D:-കൂടിയാട്ടം

Correct Answer:- Option-D

Question84:-എം.ടി.യുടെ നിർമ്മാല്യം എന്ന സിനിമയുടെ തിരക്കഥയ്ക്ക് പ്രചോദനമായ ചെറുകഥയേത്?

A:-ഓളവും തീരവും

B:-പള്ളിവാളും കാൽച്ചിലമ്പും

C:-ഇരുട്ടിൻറെ ആത്മാവ്

D:-കുട്ട്യേടത്തി

Correct Answer:- Option-B

Question85:-മലയാളത്തിൽ ഉണ്ടായ സാമൂഹ്യപരിഷ്കരണോന്മുഖമായ ആദ്യത്തെ സ്വതന്ത്ര ഗദ്യനാടകം എന്ന് വിശേഷിപ്പിക്കപ്പെടാറുള്ള കൃതി ഏത്?

A:-അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്

B:-നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി

C:-മറിയാമ്മ

D:-ആ മനുഷ്യൻ നീ തന്നെ

Correct Answer:- Option-C

Question86:-'കിരീടമില്ല; മുഖത്ത് തേപ്പുമില്ല. പകരം തലയിൽ കൊണ്ടകെട്ടി കുരുത്തോലകൊണ്ടുണ്ടാക്കിയ 'കൊണ്ടത്താമര' വയ്ക്കും' - ഏത് കലാരൂപം?

A:-ശീതങ്കൻ തുള്ളൽ

B:-പറയൻ തുള്ളൽ

C:-തുമ്പി തുള്ളൽ

D:-ഓട്ടൻ തുള്ളൽ

Correct Answer:- Option-A

Question87:-താഴെ പറയുന്നവയിൽ കുഞ്ചൻ നമ്പ്യാരുടേതല്ലാത്ത ഓട്ടൻ തുള്ളൽ കൃതികൾ ഏതെല്ലാം?
(i) ഐരാവണ വധം
(ii) നളചരിതം
(iii) കിരാതം
(iv) കൃഷ്ണാർജ്ജുന വിജയം

A:-(i)ഉം (iii)ഉം

B:-(ii)ഉം (iii)ഉം

C:-(i)ഉം (iv)ഉം

D:-(ii)ഉം (iv)ഉം

Correct Answer:- Option-C

Question88:-മലയാളത്തിൽ നിലനിന്നിരുന്ന നാടകാവതരണ സങ്കല്പങ്ങളെ മാറ്റിമറച്ച് തനതു നാടക സങ്കല്പങ്ങളെ പൂർണമായി സാക്ഷാത്കരിച്ച ആദ്യ നാടകം ഏത്?

A:-സാക്ഷി

B:-അവനവൻ കടമ്പ

C:-ഇതു ഭൂമിയാണ്

D:-മുന്നേറ്റം

Correct Answer:- Option-B

Question89:-കഥകളിയിൽ പദാർത്ഥാഭിനയത്തിനുശേഷം അതിനെത്തുടർന്ന് പ്രകൃതോപയോഗികളായ വിഷയങ്ങൾ മനോധർമ്മം പോലെയാടുന്നതാണ്?

A:-ചൊല്ലിയാട്ടം

B:-പകർന്നാട്ടം

C:-കലാശം

D:-ഇളകിയാട്ടം

Correct Answer:- Option-D

Question90:-സാമുവൽ ബക്കറ്റിൻറെ 'ഗോദോയെ കാത്ത്' എന്ന നാടകം താഴെ പറയുന്നതിൽ ഏതു പ്രസ്ഥാനത്തിൽ പെട്ട നാടകമാണ്?

A:-അനുഭവാവിഷ്കരണവാദം

B:-അസ്തിത്വവാദം

C:-അസംബന്ധ വാദം

D:-യഥാതഥ വാദം

Correct Answer:- Option-C

Question91:-1946 കലാമണ്ഡലത്തിൽ ചേർന്ന ഐക്യകേരള കമ്മിറ്റിയോഗത്തിൻറെ അധ്യക്ഷൻ?

A:-കെ.പി. കേശവമേനോൻ

B:-മണക്കുളം മുകുന്ദരാജാ

C:-വള്ളത്തോൾ നാരായണമേനോൻ

D:-കെ. കേളപ്പൻ

Correct Answer:- Option-A

Question92:-"ദ്രവിഡസംഘാതാക്ഷര നിബന്ധം ഭാഷാസംസ്കൃതയോഗം പാട്ട് എന്നു നിർവചിക്കാവുന്ന രീതിയിലാണ് രാമചരിതത്തിലെ ഭാഷാരചന" - ഇങ്ങനെ അഭിപ്രായപ്പെട്ടതാര്?

A:-ഉള്ളൂർ എസ് പരമേശ്വരയ്യർ

B:-ഇളംകുളം കുഞ്ഞൻപിള്ള

C:-തിരുനല്ലൂർ കരുണാകരൻ

D:-ശൂരനാട്ടുകുഞ്ഞൻപിള്ള

Correct Answer:- Option-C

Question93:-കേരളത്തിൽ അയിത്താചരണം ഇല്ലാതാക്കണമെന്ന പ്രമേയം അവതരിപ്പിച്ചത്

A:-1920ലെ കൽക്കട്ടാ കോൺഗ്രസ് സമ്മേളനം

B:-1923ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം

C:-1926ലെ ബോംബെ കോൺഗ്രസ് സമ്മേളനം

D:-1936ലെ നവഖാലി കോൺഗ്രസ് സമ്മേളനം

Correct Answer:- Option-B

Question94:-കേരളത്തിലെ രാജാവിനെ കേരബോത്രാസ് എന്നു വിശേഷിപ്പിക്കുന്ന കൃതി

A:-ഹോർത്തൂസ് മലബാറിക്കൂസ്

B:-പെരിപ്ലസ് ഓഫ് ദ എറിത്രിയൻ സീ

C:-അഡഗിയ മലബാറിക്ക

D:-ആൽഫബെത്തും മലബാറിക്ക

Correct Answer:- Option-B

Question95:-ഹോർത്തൂസ് മലബാറിക്കൂസ് ആംസ്റ്റർഡാമിൽ നിന്ന് പ്രസിദ്ധീകരിച്ച കാലഘട്ടം

A:-1878-1893

B:-1778-1793

C:-1650-1680

D:-1678-1693

Correct Answer:- Option-D

Question96:-"ഏറ്റവും ചുരുങ്ങിയത് ഒരു പൊതുഘടകമെങ്കിലും പങ്കുവെക്കുന്നവരും അവരുടേതു മാത്രമായ ചില പാരമ്പര്യങ്ങൾ സൂക്ഷിക്കുന്നവരുമായ രണ്ടിൽ കൂടുതൽ ആളുകളുടെ സംഘാതമാണ് ഫോക്" എന്നു പറഞ്ഞത്?

A:-വില്യം ജോൺ തോംസ്

B:-റിച്ചാർഡ് ഷെഹർ

C:-അലൻ ഡൻറ്സ്

D:-ജോൺ ക്രോഹ്ൻ

Correct Answer:- Option-C

Question97:-മിൽമൻപാരിയും ആൽബെർട് ബി ലോർഡും രൂപപ്പെടുത്തിയ സിദ്ധാന്തം

A:-സൗരസിദ്ധാന്തം

B:-കെട്ടുമുറ സിദ്ധാന്തം

C:-ഫോക്ലോറിസം

D:-ഫിന്നിഷ് മെതേഡ്

Correct Answer:- Option-B

Question98:-"ഭാഷയുടെ രോഗം എന്നു വിശേഷിപ്പിക്കുന്ന ഒരു പ്രക്രിയയാണ് പുരാവൃത്തങ്ങളുടെ സൃഷ്ടിക്കു കാരണമായിത്തീരുന്നതെ”ന്ന് അഭിപ്രായപ്പെട്ടത്?

A:-മാക്സ് മുള്ളർ

B:-ഗ്രിം സഹോദരന്മാർ

C:-അലൻ ഡൻഡസ്

D:-ക്ലോദ് ലെവിസ്ട്രോസ്

Correct Answer:- Option-A

Question99:-'പഴഞ്ചൊൽമാല' ആരുടെ കൃതിയാണ്?

A:-രാഘവൻ പയ്യനാട്

B:-കെ.എം. ഭരതൻ

C:-ഹെർമ്മൻ ഗുണ്ടർട്ട്

D:-വില്യം ലോഗൻ

Correct Answer:- Option-C

Question100:-'കലേവാല' ഏതു രാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-മലേഷ്യ

B:-ജപ്പാൻ

C:-ആസ്ട്രേലിയ

D:- ഫിൻലൻറ്

Correct Answer:- Option-D